കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

2015-2016

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)107/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ –680 020
ഫോൺ: 0487 2331249
ഇ.മെയിൽ-dotsr.ksad@kerala.gov.in
തീയതി: 28.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച് *********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4, 2-6 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-11, 3-16, 3-19, 3-20, 3-23, 3-24 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ് ആർ (പി-3)27 /2017 തിയ്യതി:28.01.2017

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 11.02.2016 മുതൽ 02.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് . സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.16 മുതൽ11.11.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പി.എ.ശിവൻ. (ഓഡിറ്റ് ഓഫീസർ,) |
| | ശ്രീമതി.സീനത്ത്.പി.എ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |

| | |
|---|---|
| | ശ്രീമതി.മീര.ടി.<br>(അസി.ഓഡിറ്റ് ഓഫീസർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.അബിദലി കെ.കെ. | 1.4.2015 മുതൽ 31.10.2015 വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | | 01.11.15 മുതൽ 11.11.15 വരെ |
| പ്രസിഡണ്ട് | ശ്രീമതി.മല്ലിക.ഇ.കെ. | 12.11.15മുതൽ<br>31.3.16വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ്.ടി.ഐ. | 1.4.2015 മുതൽ 27.07.15 FNവരെ |
| സെക്രട്ടറി | ശ്രീ.സാബു.പി.വി. | 27.07.15 ANമുതൽ<br>31.3.16വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ലിപ്സി. | 1.4.2015 മുതൽ 31.03.2016 വരെ |
| കൃഷിഓഫീസർ | ശ്രീ.തങ്കരാജ്.എൻ.കെ. | 1.4.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | അംബിക.വി.സി. | 1.4.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.സാനു.എം. പരമേശ്വരൻ | 1.4.2015 മുതൽ |

| | | |
|---|---|---|
| | | 31.06.15 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.മുംതാസ്.കെ.എം. | 01.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം ശാന്തിപുരം | ഡോ.സുജാത | 1.4.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവ്വേദം പോഴങ്കാവ് | ഡോ.ദീപ വിജയൻ | 01.04..15മുതൽ 26.06.2015 വരെ |
| | ഡോ.മുഹസ്സ്.കെ.കരിം | 27.06.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.കെ.എസ്.ഗീതാകുമാരി | 01.04.15മുതൽ 21.06.15 വരെ |
| | ഡോ.ശ്രീജിത്ത്. | 22.06.15 മുതൽ 31.03.2016 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സുമിത | 01.04.15മുതൽ 18.06.15 വരെ. |
| | അൻസിൽ .പി.എം. | 19.06.15 മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.സുബിൻ | 1.4.2015 മുതൽ 27.05.15 വരെ |
| | ഡോ.അലി.ടി.എ. | 28.05.15മുതൽ 31.03.2016 |

| | | |
|---|---|---|
| | | വരെ |
| പ്രധാനാധ്യാപിക,ജി. എൽ.പി.എസ്.പി.വെമ്പല്ലൂർ | കെ.ജെ.ഓമന | 1.4.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ ആല സർക്കിൾ | ശ്രീമതി.സുജാത.വി.എൻ. | 1.4.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ പനങ്ങാട് സർക്കിൾ | ശ്രീ.ജയൻ.ടി.ആർ. | 1.4.2015 മുതൽ 09.06.15 വരെ |
| | ശ്രീമതി.ശ്രീജ.ടി.ആർ. | 15.07.15 മുതൽ 31.03.2016 വരെ (10.06.15 മുതൽ 14.06.15വരെ ഒഴിവ്) |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഹേമലത.പി.എൻ. | 1.4.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ. നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി -നിയമനം അംഗീകരിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല. | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 15 | സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-4 |
| 16 | ഡി&ഒ ലൈസൻസ് കുറവ് ഈടാക്കിയത് | 2-5 |
| 17 | കെട്ടിടനമ്പർ ലഭിച്ചശേഷം അനധികൃതനിർമാണം | 2-6 |
| 18 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-7 |
| | ഭാഗം -3 | |
| 19 | പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം- പരാതി,പദ്ധതി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം | 3-1 |
| 20 | 116നം.അംഗൻവാടി ടോയ്ലെറ്റിന് വാതിൽ സ്ഥാപിച്ചിട്ടില്ല. | 3-2 |
| 21 | ശ്രീനാരായണപുരം മാർക്കറ്റിൽ ട്രസ്സ് വർക്ക് നിർമിച്ചിടം ടൂവീലറുകൾ പാർക്ക് ചെയ്യുന്നു. | 3-3 |
| 22 | ടാറിങ് ഉൾപ്പെടുത്താത്ത റോഡ് നിർമാണ പ്രവൃത്തികൾ | 3-4 |

| | | |
|---|---|---|
| 23 | ടെണ്ടർകുറവ് വഴി ധനമിച്ചം | 3-5 |
| 24 | ഹോമിയോ മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല | 3-6 |
| 25 | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-7 |
| 26 | അംഗനവാടികൾക്ക് കുടിവെള്ളകണക്ഷൻ -പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. | 3-8 |
| 27 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - മാർഗ്ഗരേഖക്ക് വിരുദ്ധം | 3-9 |
| 28 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -ലിസ്റ്റിൽ പേരില്ലാത്ത ഗുണഭോക്താവിന് നൽകി | 3-10 |
| 29 | മത്സ്യതൊഴിലാളികൾക്ക് വഞ്ചി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 30 | ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 31 | മീഡിയ ശ്രീ- പൂർത്തീകരിച്ചിട്ടില്ല. | 3-13 |
| 32 | ഐ.എ.വൈ. ഭവന നിർമ്മാണം എസ്.സി. പൂർത്തീകരിച്ചിട്ടില്ല. | 3-14 |
| 33 | ഭവനപുനരുദ്ധാരണം എസ്.സി.പി.-പണി പൂർത്തീ കരിച്ചിട്ടില്ല. | 3-15 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് | 3-16 |

| | | |
|---|---|---|
| | സൈക്കിൾ വിതരണം നടത്തി | |
| 35 | പത്താം തരം തുല്യത പരീക്ഷ- പരീക്ഷയെഴുതിയതിന്റെ വിവരം ലഭ്യമല്ല- | 3-17 |
| 36 | എസ്.എസ്.എ പദ്ധതി -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-18 |
| 37 | വനിതകൾക്ക്കര നെൽകൃഷി കൂലിച്ചെലവ് ഇനത്തിൽ അധിക തുക നൽകി | 3-19 |
| 38 | പൊട്ടുവെള്ളരികൃഷി-തുക അധികം നൽകി | 3-20 |
| 39 | സൊസൈറ്റിക്ക് ടില്ലർ നൽകിയത് -അപാകതകൾ | 3-21 |
| 40 | അഡ്വാൻസ് നൽകിയത് -തിരികെ ഈടാക്കിയിട്ടില്ല. | 3-22 |
| 41 | ഗ്രാമ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ- നെയിംബോർഡുകൾ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നത് | 3-23 |
| 42 | തൊഴിലുറപ്പ് പദ്ധതി -മസ്റ്റർറോൾ ലഭിക്കാത്തതിനാൽ തൊഴിൽ നഷ്ടം | 3-24 |
| 43 | തൊഴിലുറപ്പ് പദ്ധതി | 3-25 |
| 44 | ആശ്രയ പദ്ധതി വിലയിരുത്തൽ | 3-26 |
| | ഭാഗം-4 | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 02.03.2016 തിയതിയിലെ 2-ാം.നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ്=153011659

പ്രതീക്ഷിത ചെലവ്=152600520

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2016 | 26.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 06-11-2016 |

2015-16 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ആസ്തി രജിസ്റ്റർ കാലികമല്ല. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി, ബാധ്യതവിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 33050681/-

വരവ് - 51968109/-

ആകെ - 85018790/-

ചെലവ് - 75391287/-

നീക്കിയിരിപ്പ്- 9627503/-

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 733482 | 14363293 | 15096775 | 15096775 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 6226445 | 5779787 | 12006232 | 12006232 | 3524600 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 2396821 | 6227406 | 8624227 | 8624227 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3379168 | 2822850 | 6202018 | 6202018 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1606633 | 8724720 | 10331353 | 10331353 | 3460119 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5077602 | 2507200 | 7584802 | 7584802 | 4078112 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 20641871 | 20641871 | 20633298 | 0 | 8573 |
| ബി ഫണ്ട് | 0 | 29434476 | 29434476 | 29434476 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 92932077 | 119 | 63012657 | 19 | 54 | 62% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)13.35 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5323901 | 4402063 | -921838 | -17.31 |
| നികുതിയേതര വരവുകൾ | 1763908 | 1286207 | -477701 | -27.08 |
| മറ്റുവരവുകൾ | 835815 | 1177384 | 341569 | 40.86 |
| ആകെ | 7923624 | 6865654 | -1057970 | -13.35 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129120 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 2080860 | 305 |
| വിധവാപെൻഷൻ | 13799440 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 9294210 | 242 |
| വികലാംഗപെൻഷൻ | 3015185 | 296 |
| അവിവാഹിത പെൻഷൻ | 889360 | 93 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.11.16 ന് 3.00 pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32443/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ ,ഇൻക്യുമ്പൻസി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കിന്നില്ല.

2)ബി-ഫണ്ട് ഡയറ്ററി ആർട്ടിക്കിൾസിനു വേണ്ടി മെഡിക്കൽ ഓഫീസർ വി.കെ.എസ്.എസ്.എം.എം. ഗവ. ആയുർവ്വേദ ആശുപത്രി അധികം ചെലവഴിച്ച 1350/-രൂപ 2/02.11.16 നം. ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം (ചലാൻ നം122/04.11.16) തിരിച്ചടച്ചു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2016 | 09/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.07.15 മുതൽ 11.08.15 വരെ | 2010-11 മുതൽ 2014-15 വരെ | 29.09.15 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി -നിയമനം അംഗീകരിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല.

നിയമനം അംഗീകരിച്ചിട്ടില്ലെന്ന കാരണത്താൽ വി.വി.യു.പി.എസ്., കോതപറമ്പ് സ്കൂളിലെ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| പേര് | ഉദ്യോഗപേര് | റിമാർക്സ് |
|---|---|---|
| എം.എൻ.ഷീന | യു.പി.എസ്.എ. | 1,2അർദ്ധവർഷം |
| ലിഷ.പി.എ. | യു.പി.എസ്.എ. | 1,2അർദ്ധവർഷം |
| അനിത.പി.ബി. | എൽ.പി.എസ്.എ. | 1,2അർദ്ധവർഷം |

നിയമനം അംഗീകരിക്കുന്ന മുറക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

വി.ആർ.ഫുഡ്സ് പനങ്ങാട് എന്ന സ്ഥാപനത്തിലെ ജീവനക്കാരനായ രവീന്ദ്രന് 1-ാംപാദവർഷം 45675/-രൂപ വരുമാനമുണ്ടെങ്കിലും 450 രൂപ ഈടാക്കേണ്ടതിനു പകരം 300/-രൂപ(രശീത്

നം.11520101/10.09.15 ) മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. കുറവ് ഈടാക്കിയ തുക അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ആഡിറ്റോറിയം,പഞ്ചായത്ത് കോംപ്ലക്സിന്റെ കടമുറികൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|
| 1 | തേവർപ്ലാസ ഓഡ്റ്റോറിയം | V/775 |
| 2 | ധർമ്മപാലൻ | 4/201H&I |
| 3 | കുഞ്ഞൻ അയിനിക്കൽ | 7/449C |
| 4 | സുബ്രഹ്മണ്യൻ | 7/449G |
| 5 | സുലോചന | 7/449K |
| 6 | ഷീബയൂസഫ് | 7/4491 |
| 7 | കുഞ്ഞിറ്റി കുട്ടാല | 7/4490 |
| 8 | ഫാത്തിമ ചങ്ങലെഴത്ത് | 7/405M |
| 9 | പി.കെ.ഷൈലജൻ | 7/419 |
| 10 | പ്രഭാരൻ.കെ.ജി. | 7/420 |
| 11 | അജിത്ത് കുമാർ പനങ്ങാട് | 7/425 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്.

## 2-4 സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന്റെ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നടത്തുന്ന വാടകക്കാർ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല.

| വാടകക്കാരന്റെ പേര് | മുറി നമ്പർ |
|---|---|
| ധർമ്മപാലൻ | 4/201H&I |
| കുഞ്ഞൻ അയിനിക്കൽ | 7/449C |
| സുബ്രഹ്മണ്യൻ | 7/449G |
| സുലോചന | 7/449K |
| ഷീബ യൂസഫ് | 7/449L |

| | |
|---|---|
| കുഞ്ഞിറ്റി കുട്ടാല | 7/4490 |
| ഫാത്തിമ ചങ്ങലെഴുത്ത് | 7/405M |
| പി.കെ.ഷൈലജൻ | 7/419 |
| പ്രഭാകരൻ.കെ.ജി. | 7/420 |
| അജിത്ത് കുമാർ പനങ്ങാട് | 7/425 |

കേരള പഞ്ചായത്ത് രാജ് ആക്ട് 232(1) വകുപ്പ് പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് യാതൊരു സ്ഥലവും പഞ്ചായത്ത് നൽകുന്ന ലൈസൻസില്ലാതെ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് കുറവ് ഈടാക്കിയത്

ഡി&ഒ ലൈസൻസ് നൽകിയ ശ്രീ.ജിമ്മിതോമസ്, മാവേലി ഏജൻസീസ്, എസ്.എൻ .പുരം ഹാജരാക്കിയ അപേക്ഷയിൽ ദിവസവരുമാനം 150000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1000/- രൂപയാണ് ഡി&ഒ ലൈസൻസായി (രശീത് നം.1406107862/25.02.16) ഈടാക്കിയിട്ടുള്ളത്. 4000/-രൂപ ഈടാക്കേണ്ടതിനു പകരം 1000/- രൂപ ഈടാക്കിയത് മൂലം പഞ്ചായത്തിന് 3000/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. കുറവ് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-6 കെട്ടിടനമ്പർ ലഭിച്ചശേഷം അനധികൃതനിർമാണം

ഫയൽ നം.A-8149/14

12/12/14 ലെ ചാലക്കുടി പയ്യപ്പിള്ളി ജോബി ഭാര്യ ഷെറി ജോബി, പയ്യപ്പിള്ളി ഡെന്നി ഭാര്യ ജൂലി ഷാലെറ്റ് എന്നിവരുടെ അപേക്ഷയിൻമേൽ 874.77 ച.മീറ്റർ വിസ്തൃതിയിൽ ഒരു വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമിക്കുന്നതിനായി 5/1/15 അനുമതി നൽകി. അനുമതിയിലെ 2നം.നിബന്ധന പ്രകാരം നിർമാണം 2011 ലെ കെ.പി.ബി ആർ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണ്ടതും യാതൊരുവിധ വ്യതിയാനങ്ങളും വരുത്താൻ പാടില്ലാത്തതുമാണ്. ഗ്രൗണ്ട് ഫ്ലോർ , ഒന്നാം നില എന്നിവ 426.95 ച.മീ.സ്റ്റെയർ റൂം 20.87ച.മീ. എന്നിങ്ങനെയാണ് അംഗീകരിച്ചിട്ടുള്ള അളവുകൾ 4526.95 ച.മീ. വിസ്തൃതിയിൽ ബേസ്മെന്റ് ഫളോർ ആർ.സി.സി. പില്ലർ ഉപയോഗിച്ചാണ് നിർമിക്കേണ്ടത്. ഇത് തുറസ്സായി കിടക്കേണ്ടതുമാണ്. അതായത് ഒരു മൂന്ന് നില കെട്ടിടം നിർമിക്കുന്നതിനാണ് അനുമതി നല്കിയതെന്ന് ചുരുക്കം. പണി പൂർത്തീകരിച്ചതിനെ തുടർന്ന് 22/2/16 ന് 4/229A ആയി നംപർ ഇടുകയും 82666 രൂപ വസ്തുനികുതി നിശ്ചയിച്ച് ഈടാക്കുകയും ചെയ്തിട്ടുണ്ട്. 10/11/16 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ ഈ കെട്ടിടത്തിലെ ബേസ്മെന്റ് ഫ്ലോറും സ്റ്റെയർ റൂമിന് വെളിയിലുള്ള ഭാഗങ്ങളും പൂർണമായും ചുമരുകൾ പണിത് കഴിഞ്ഞിട്ടുള്ളതുമാണ്. ഏറ്റവും മുകളിലെ നില അല്ല സിങ്ക് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര പണിതിട്ടുള്ളതുമാണ്. ഫലത്തിൽ ഇതൊരു നാലുനിലകെട്ടിടമാണ്. ആയതിനാൽ താഴെപറയുന്ന അപാകതകൾ ഈ കെട്ടിടനിർമാണത്തിലുണ്ടായിട്ടുണ്ട്.

1.കെട്ടിട ഉടമസ്ഥർ വ്യതിയാനങ്ങൾ വരുത്തിയതിനായി പരിഷ്കരിച്ച പ്ലാൻ സമർപ്പിച്ചിട്ടില്ല.

2.മൂന്ന് നിലകളിൽക്കൂടുതലുള്ള കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാവകുപ്പിൽ നിന്നും മലിനീകരണനിയന്ത്രണബോഡിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ നാലുഭാഗത്തേക്കും ഫയർ എൻജിൻ പ്രവേശിക്കാനുള്ള സൗകര്യം വേണമെന്നിരിക്കെ കെട്ടിടത്തിന്റെ ഇടതുഭാഗത്ത് ആയതിനുള്ള 3 മീറ്റർ വീതിയില്ല.

3.2011 ലെ കെ.പി.ബി.ആർ ചട്ടം 20 അനുസരിച്ച് അനധികൃതനിർമാണംനടന്നതിനെതിരെ യാതൊരു നടപടികളും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

4.കെട്ടിടനിർമാണ അപേക്ഷയോടൊപ്പം ഉടമസ്ഥതാവകാശ സർട്ടിഫക്കറ്റ്, ആധാരത്തിന്റെ പകർപ്പ് എന്നിവ ഉണ്ടായിരുന്നില്ല. (14/1/16 ന് റവന്യൂ വകുപ്പിൽ അടിസ്ഥാനനികുതി അടവാക്കിതിന്റെ രശീതി ലഭ്യമാക്കിയിട്ടുണ്ട്.)

അനധികൃതനിർമാണം നടന്നതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-7 വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൻവർഷം ഷോപ്പിങ്ങ് കോപ്ലക്സ് വാടകയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയായി 94374/-രൂപയും തൻവർഷത്തെ കുടിശ്ശിക 219616/- രൂപയും കൂടി ആകെ 313990/- രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം-പരാതി,പദ്ധതി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

പ്രോജക്ട് നം.S0079/16 അടങ്കൽ-800000
(സംരക്ഷണഗ്രാന്റ്-പാർശ്വസംരക്ഷണവും മണ്ണ് ഫില്ലിങ്ങും)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ- ശ്രീ.ഇ.ജി.സിജിൽകുമാർ

കരാർ-78/15-16/AE/LSGD/SNP/4/3/16

നിരക്ക്-24.99%

അളവുപുസ്തകം 405/15-16

ബിൽ നം-61/15-16/30.03.2016- 599691 രൂപ

ഡി.ഡി.നം.393538/7.4.2016- 563709 രൂപ

പഞ്ചായത്ത് കമ്മിറ്റിയുടെ 5(10)/30/6/16 നം. തീരുമാനത്തിൽ ഈ പ്രവൃത്തിയിലെ ക്രമക്കേട് സംബന്ധിച്ച് 20 ാം വാർഡ് മെമ്പർ പരാതി നൽകിയതായും അസി.എൻജിനീയറോട് അഭിപ്രായം തേടുവാനും മഴ മാറി വെയിലായാൽ കരാറുകാരനെക്കൊണ്ട് അപാകത പരിഹരിക്കുവാനും അസി.എൻജിനീയറോട് ന്യൂനതകൾ പരിഹരിക്കുവാനും അടുത്ത പദ്ധതി സമയത്ത് നടപടികൾക്കായി മാറ്റിവെക്കുവാനും നിർദേശിച്ചിരുന്നു. ഇത് സംബന്ധിച്ച തുടർവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പണി പൂർത്തീകരിക്കാതെ കരാറുകാരൻ പണം കൈപ്പറ്റി എന്നതാണ് പരാതിയിലെ വിഷയം. എവിടെയാണ് അപാകത സംഭവിച്ചതെന്ന് പരാതിക്കാരൻ വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. ചതുപ്പ് നിറഞ്ഞ പ്രദേശമാകയാൽ സംരക്ഷണഭിത്തി കെട്ടി 66.5 മീറ്റർ നീളത്തിലും 40 മീറ്റർകനത്തിലും മണ്ണ് ഫില്ലിങ് നടത്തുവാനാണ് അടങ്കലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

അളവുപുസ്തകം പരിശോധിച്ചപ്പോൾ 766.19 ഘനമീറ്റർ മണ്ണ് ഫില്ലിങ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മണ്ണ് ഫിൽ ചെയ്ത ഗ്രാഫ് പരിശോധിച്ചപ്പോൾ ഓരോ 100 ച.മീറ്ററിലും വ്യത്യസ്ത കനത്തിൽ മണ്ണ് ഫിൽ ചെയ്തതായിട്ടാണ് കാണിച്ചിട്ടുള്ളത്. ഒരറ്റത്ത് 45.5 സെ.മീ. മണ്ണ് ഫിൽ ചെയ്തപ്പോൾ അതിന്റെ എതിരറ്റത്ത് 8 സെ.മീ കനത്തിലാണ് ഫിൽ ചെയ്തിട്ടുള്ളത്. ഗ്രൗണ്ട് ഒരേ നിരപ്പല്ലാത്തതുകൊണ്ടാണ് ഇപ്രകാരം വന്നിട്ടുള്ളത്. മണ്ണ് ഫിൽചെയ്തതിന്റെ ഫൈനൽ ലവൽ മെഷർമെന്റ് നടത്തിയതാകട്ടെ ഒഴിവുദിവസമായ 24/3/16പെസഹാവ്യാഴാഴ്ചയിലും. ഇത് ചെക്ക് മെഷർ ചെയ്തതാകട്ടെ അതിന് മുമ്പ് 23/3/16 നം . ഇത് ക്രമവിരുദ്ധമായ നടപടിയാണ്. 766.19 ഘനമീറ്റർ മണ്ണുകൊണ്ടുവരണമെങ്കിൽ 5 ഘനമീറ്റർ മണ്ണ് കൊള്ളുന്ന സാധാരണലോറിയിൽ 153 ലോഡ് കൊണ്ടുവരേണ്ടതായി വരും. 6ഘനമീറ്റർ മണ്ണ് കൊള്ളുന്ന വലിയ ലോറി ആണെങ്കിൽ 127 ലോഡ് വേണ്ടിവരും. ഇത്രയും ലോഡ് മണ്ണ് ഒരു ദിവസം കൊണ്ട് വരാൻ കഴിയുക പ്രായോഗികവുമല്ല. ഇതാകട്ടെ പെസഹാ വ്യാഴാഴ്ചയിലുമാണ്. സാധാരണഗതിയിൽ ഞായറാഴ്ചകളിലോ, ഒഴിവുദിവസങ്ങളിലോ അളവുകൾ എടുക്കാൻ പാടുള്ളതല്ല. ഇത്രയും മണ്ണ് പെസഹാ വ്യാഴാഴ്ചപോലുള്ള ഒരൊഴിവുദിവസം കൊണ്ട് വന്ന് അതെല്ലാം തട്ടി നിരത്തി കൺസോളിഡേഷൻ നടത്തി മെഷർമെന്റ്, ചെക്ക് മെഷർമെന്റ് നടത്തുക തികച്ചും അസാദ്ധ്യമാണ്. പ്രവത്തി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ പെർഫോമൻസ് സർട്ടിഫിക്കറ്റും തയ്യാറാക്കിയിട്ടില്ല.

10/11/16 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതി സ്ഥലം സന്ദർശിച്ചപ്പോൾ കളിസ്ഥലത്തിന് ഒരേ നിരപ്പല്ല എന്ന് കാണുകയുണ്ടായി. മഴക്കാലം വരുമ്പോൾ കളിസ്ഥലം ഏത് സ്ഥിതിയിലാവുമെന്ന് ഇപ്പോൾ പറയുവാനും കഴിയുന്നതല്ല. ഈ പ്രവൃത്തി സംബന്ധിച്ച രേഖകളിലെ നടപടിക്രമങ്ങൾ ഒട്ടും ആധികാരികമല്ല. ആധികാരികമല്ലാത്ത നടപടിക്രമങ്ങൾ ക്രമവിരുദ്ധമായ കാര്യങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നതുമാണ്.

സംരക്ഷണഗ്രാന്റ് ഉപയോഗിച്ചാണ് ഈ പ്രവൃത്തി നടത്തിയിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് തനത് ആസ്തികളുടെ സംരക്ഷണത്തിനാണ് ഉപോഗിക്കേണ്ടത്. ഈ ഗ്രാന്റ് സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ച ഉത്തരവുകളിലൊന്നും തന്നെ ഇത് പഞ്ചായത്ത് ഗ്രൗണ്ടിന്റെ വികസനത്തിനായി ഉപയോഗിക്കണമെന്ന് പ്രതിപാദിച്ചിട്ടുമില്ല. ആയതിനാൽഈ പദ്ധതിക്കായി സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ചത് ക്രമപ്രകാരമല്ല.

ഈ അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 5,99,691/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 116നം.അംഗൻവാടി ടോയ്‌ലെറ്റിന് വാതിൽ സ്ഥാപിച്ചിട്ടില്ല.

പ്രോജക്റ്റ് നം-183/16 അടങ്കൽ 128887
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ-മംഗലത്ത് രാജൻ മകൻ സുധീർ

അളവുപുസ്തകം -84/15-16

വൗച്ചർ നം-16/15-16/11/12/15-128837രൂപ

10/11/16 ന് ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ അംഗൻവാടി സന്ദർശിച്ചപ്പോൾ ഇനം 13പ്രകാരമുള്ള പി.വി.സി.ഡോർ ടോയ്‌ലെറ്റിൽ സ്ഥാപിച്ചിട്ടില്ല എന്ന് കണ്ടു. ഇത് ഹാളിനകത്ത് ഉള്ളതായും കണ്ടു. കൺവീനറെക്കൊണ്ട് ഇത് സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാത്രമല്ല അംഗൻവാടിയിൽ വയറിങ് നടത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-3 ശ്രീനാരായണപുരം മാർക്കറ്റിൽ ട്രസ്സ് വർക്ക് നിർമിച്ചിടം ടൂവീലറുകൾ പാർക്ക് ചെയ്യുന്നു.

അടങ്കൽ തുക-1200000രൂപ.ലോകബാങ്ക് ധനസഹായം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
കറാറുകാരൻ -ശ്രീ.കെ.എ.ഷിഹാബ്

അളവുപുസ്തകം -101/15-16

ബിൽ നം-14/26/12/15- 542041രൂപ

47/28/3/16-497625 രൂപ

മാർക്കറ്റിലെ സ്റ്റേജിന് മുമ്പിലായിട്ടാണ് യോഗങ്ങൾ നടത്തുന്നതിനായി ട്രസ്സ് വർക്ക് നടത്തിയിട്ടുള്ളത്. 10/11/16 ന് ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതിസ്ഥലം സന്ദർശിച്ചപ്പോൾ അവിടം ടൂവീലറുകൾ പാർക്ക് ചെയ്തിട്ടുള്ളതായി കണ്ടു. ട്രസ്സ് വർക്ക നടത്തിയ സ്ഥലത്ത് പാർക്കിങിന് ഉപയോഗിക്കുന്നതായി വാർഡ് മെമ്പർ പരാമർശിച്ചതായി 3(1)/30/9/16 ലെ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ട്രസ്സ് വർക്ക് നടത്തിയ സ്ഥലത്ത് അതിരുകെട്ടി സംരക്ഷിച്ച് പ്രസ്തുത സ്ഥലം മറ്റ് രീതിയിൽ ഉപയോഗിക്കുന്നത് തടയേണ്ടതാണ്.

## 3-4 ടാറിങ് ഉൾപ്പെടുത്താത്ത റോഡ് നിർമാണ പ്രവൃത്തികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

റോഡുകളുടെ കുറ്റമറ്റ രീതിയിലുള്ള നിർമാണത്തിന് അവയുടെ സോളിങ് നടത്തി ഒരു മൺസൂൺകാലം പിന്നിട്ട ശേഷം ടാറിങ് പ്രവൃത്തികൾ നിർവഹിക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യാതെ വരുമ്പോൾ സോൾ ചെയ്ത റോഡിന് കേടുപാടുകൾ സംഭവിക്കുകയും സംരക്ഷണപ്രവൃത്തികൾക്ക്

കൂടുതൽതുക വേണ്ടി വരികയോ അപ്രകാരം ചെയ്യാത്ത പക്ഷം റോഡിന്റെ ഗുണനിലവാരം കുറഞ്ഞുപോകുകയോ ചെയ്യുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ഏറ്റടുത്ത് നടത്തിയ റോഡ് നിർമാണപ്രവൃത്തികളിൽ ടാറിങ് ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം,അടങ്കൽ | ബിൽ നം.തുക | ചെയ്ത പ്രവൃത്തി |
|---|---|---|---|
| 1. | SO045/16,500000 | 14//19/2/16 498124 | 350 മീറ്റർ സോളിങ് |
| 2. | SO130/16 400000പീപ്പിൾസ് റോഡ് ഫില്ലിങ് | 15/18/1/16 200000 24/24/1/16 199800 | 216 മീറ്റർ സോളിങ് |
| 3. | SO014/16 രജിതസുന്ദരം-കഴവിലങ്ങ് ലിങ്ക് റോഡ് ഫില്ലിങ് സോളിങ് | 25/29/1/16 383350 | 243.500 മീറ്റർ സോളിങ് |
| 4. | SO019/16 ആർ.കെ.പടി നോർത്ത് -എരുമത്തുരുത്തി സുബ്രഹ്മണ്യൻ സ്മാരക റോഡ് | 17/28/1/16 279242 വൗച്ചർനം-29/30/1/16 190006 | 186 മീറ്റർ മെറ്റലിങ് |
| 5. | So038/16 വാസുദേവവിലാസം ബാക്കിഭാഗം സോളിങ് | 16/23/1/16 298801 | 200 മീറ്റർ സോളിങ് |
| 6. | SO0228/16 കാട്ടകത്ത് മുഹമ്മദ് റോഡ് ഫില്ലിങ് മെറ്റലിങ് | 37/22/3/16 200000 വൗച്ചർനം-62/26/3/16 199081 | 325 മീറ്റർ സോളിങ് 73.125 മീറ്റർ മെറ്റലിങ് |
| 7. | SO0222/16 ശ്രീനാരായണഗുരുദേവ ബാക്കിഭാഗം സോളിങ് | വൗച്ചർനം-46/29/2/16 170000 | 317 മീറ്റർ സോളിങ് |
| 8. | SO0197/16 ശാന്തിപുരം പളിളിനട | വൗച്ചർനം-97/31/3/16 | 101.400 മീറ്റർ |

| | | | |
|---|---|---|---|
| | കടവ് റോഡ് | 483301 | സോളിങ് |

ഭാവിയിൽ റോഡ് നിർമാണപ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ടെണ്ടർകുറവ് വഴി ധനമിച്ചം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് വളരെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ ലഭിച്ചിട്ടുള്ളതിനാൽ ധനമിച്ചം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം.<br>പ്രവൃത്തി | പ്രവൃത്തിമൂല്യം | ടെണ്ടർകുറവ് |
|---|---|---|
| S0017/16മൃഗാശുപത്രി കോച്ചാലി കാന നിർമാണം | 1139614.50 | 22.999%<br>262110.17 |
| രജിതസുന്ദരം-കഴവിലങ്ങ് ലിങ്ക് റോഡ് മെറ്റലിങ് | 500000 | 23.32%<br>116650 |
| വൃന്ദാവനം അംഗൻവാടി റോഡ് ഫില്ലിങ് സോളിങ്-S0013/16 | 500000 | 23.99%<br>119995 |
| അഞ്ചാം പരത്തി ഷാപ്പുപടിഞ്ഞാറുഭാഗത്തേക്ക് പോകുന്ന ശങ്കരനാരായണൻറോഡ് റീടാറിങ് | 500000 | 20.9999%<br>10499.50 |

മറ്റ് ഗ്രാമപഞ്ചായത്തുകളിൽ അടങ്കൽ നിരക്കിലും ,നേരിയ കുറവ് നിരക്കിലും ടെണ്ടറുകൾ ലഭിക്കുമ്പോൾ ടെണ്ടർകുറവ് വഴി ധനമിച്ചം ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളത് വളരെയധികം ശ്ലാഘനീയമായ കാര്യമാണ്.

## 3-6 ഹോമിയോ മരുന്നുവാങ്ങൽ–മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവണ ഉദ്യോഗസ്ഥൻ - മെഡിക്കൽഓഫീസർ

പദ്ധതി -s00 73/16

വികസനഫണ്ട് -150000

ട്രഷറി ബിൽനം-1/1-1-16 ,150000
ഡി.ഡി.നം. – 709221/1-1-16

ഹോമിയോആശുപത്രിയിലേക്ക് മരുന്നുകൾ എന്ന പദ്ധതിക്കായി 150000 രൂപആലപ്പുഴയിലെ കേരള ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിയിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ

ഇതുവരേയും ലഭ്യമായിട്ടില്ല. സ്ഥാപനവുമായി മരുന്ന വിതരണം സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 9/10.11.16)

## 3-7 വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് -SO -151/16
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ -150000

ചെലവ് -94000

ഫണ്ട് -വികസന ഫണ്ട്

ട്രഷറി ബിൽനം -3/24-7-15 ,94000

DD.NO -249594/25-7-15

9-ാം വാർഡ് പൊരി ബസാർ കല്ലും പുറം SC കോളനി പൈപ്പ് ലൈൻഎക്സ്റ്റൻഷനായി കേരള വാട്ടർ അതോറിറ്റിക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 അംഗനവാടികൾക്ക് കുടിവെള്ളകണക്ഷൻ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം.123/16.

ബിൽ നം.തി. 13/31.03.16.തുക-100000/-

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി 7 അംഗനവാടികൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി ഡിഡി നം.352950/04.04.16. പ്രകാരം 100000/- രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. 31.03.16 ൽ 6 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാമെന്ന് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പണി പൂർത്തീകരിച്ചിട്ടില്ല. ചെലവഴിച്ച 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - മാർഗ്ഗരേഖക്ക് വിരുദ്ധം

പ്രോജക്ട് നം.97/16

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ.

ബിൽ നം. തി. 08/18.03.14. തുക -374100/-

മേൽ പദ്ധതി പ്രകാരം സൗരവ്.കെ.എസ്, കുമ്പളത്ത് പറമ്പിൽ, s/oഷാനവാസ്, പനങ്ങാട് എന്ന

ഗുണഭോക്താവിന് ഡിഡി നം. 352659/30.03.16 പ്രകാരം 6600/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ടിയാന് 30% ശാരീരിക വൈകല്യമാണുള്ളത്. 2015-16 വർഷത്തേക്ക് ബാധകമായിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 പ്രകാരം മിനിമം 40% വൈകല്യമുള്ളവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.ഇതിന് വിരുദ്ധമായി ധനസഹായം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-10 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ -ലിസ്റ്റിൽ പേരില്ലാത്ത ഗുണഭോക്താവിന് നൽകി

പ്രോജക്റ്റ് നം.112/16.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ബിൽ നം. തി. 04/16.03.16.-86900/-

മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ പദ്ധതി പ്രകാരം(2350/- രൂപ വിലയുള്ള സ്റ്റീൽ ടേബിളും, 1100/- രൂപ വിലയുള്ള സ്റ്റീൽ ചെയറും) 22 സ്റ്റീൽ മേശയും കസേരയും വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ മേഘന,D/oപ്രസൂനൻ,കടവിൽ പറമ്പിൽ,അശ്വതി ഷാജി,ചെട്ടിപ്പറമ്പിൽ എന്നീ ഗുണഭോക്താക്കളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.മുഹമ്മദ് ആഷിക്,s/oഅബ്ദുൾസലാം കുഴിക്കണ്ടത്തിൽ,ഗോതുരുത്ത് എന്ന ഗുണഭോക്താവ് ഏത് ക്ലാസ്സിൽ പഠിക്കുന്നു എന്നതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം നൽകുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 10350/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം. 15/11.11.16).

## 3-11 മത്സ്യതൊഴിലാളികൾക്ക് വഞ്ചി പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം.157/16 (സ്പിൽ ഓവർ 48/15)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ബിൽ നം.തി.01/18.09.15.തുക-39000/-

ബിൽ നം.തി.03/16.03.16.തുക-39000/-

ചെക്ക് നം. 2982870/09.09.15 -39000/-

ചെക്ക് നം.4603011/25.02.16 -39000/-

മത്സ്യതൊഴിലാളികൾക്ക് വഞ്ചി പദ്ധതി പ്രകാരം വഞ്ചി വാങ്ങുന്നതിന് ടെന്റർ വിളിച്ചത് പ്രകാരം 26000/- രൂപക്ക് ശ്രീ.ലിൻസൻ .എ.പി., ആഞ്ഞിലിത്തറ, ചെറായി ബീച്ച് എന്നയാളുടെ ടെന്റർ അംഗീകരിക്കുകയും എഗ്രിമെന്റ് വെക്കുകയും ചെയ്തു. ടിയാനിൽ നിന്നും രണ്ടു പ്രാവശ്യമായി 3വഞ്ചികൾ വീതം വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. അപാകതകൾ താഴെ കൊടുക്കുന്നു.

1)6പേർക്ക് വഞ്ചി വാങ്ങിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന 4 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീത് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

എ)ഉണ്ണികൃഷ്ണൻ,കുഞ്ഞുമാക്കാൻപുരക്കൽ

ബി)സിദ്ധാർത്ഥൻ,അഞ്ചലശ്ശേരി

സി)ബാലൻ,മുല്ലപ്പറമ്പത്ത്

ഡി)കെ.കെ.മുരുകൻ,കാരേക്കാട്ട്

2)ബിൽ നം.3/16.03.16 പ്രകാരം 39000/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ഏതൊക്കെ ഗുണഭോക്താക്കൾക്ക് കൈമാറി എന്നത് സംബന്ധിച്ച രേഖകൾ ബില്ലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

3)ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

4)വഞ്ചി സപ്ലൈ ചെയ്തതിന് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ്തുക 1,56,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ സ്പിൽ ഓവർ പദ്ധതിയായി നടപ്പാക്കിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ എന്ന പദ്ധതിക്കായി പിൻവലിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം. തി. | തുക | വിശദവിവരം |
|---|---|---|
| 02/29.09.15 | 100000/- | ഫർണീച്ചർ വിതരണം<br>പ്രോജക്ട് നം.156/16 |

മേൽ പ്രകാരം ചെലവഴിച്ച തുകയുടെ ചെലവ് രേഖകളും ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മീഡിയ ശ്രീ-പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം. 115/16.
നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി.
ബിൽ നം.61/31.03.16.
തുക – 65000/-

കുടുംബശ്രീ ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് വേണ്ടി തൃശ്ശൂർ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർക്ക് ഡിഡി നം. 353189/05.04.16 പ്രകാരം 65000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ഡോക്യുമെന്ററി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഐ.എ.വൈ. ഭവന നിർമ്മാണം എസ്.സി. പൂർത്തീകരിച്ചിട്ടില്ല.

ബിൽ നം.തി. തുക -9/19.08.15 -357500/-
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി.
പ്രോജക്ട് നം. 89/16

മേൽ പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി ഡിഡി നം. 250208/20.08.15 പ്രകാരം 357500/- രൂപ മതിലകം ബ്ലോക്കിന് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ 02.11.16 ലെ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 325000/- രൂപയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി പൂർത്തീകരിക്കുന്ന മുറക്ക് 32500/രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 32500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 ഭവനപുനരുദ്ധാരണം എസ്.സി.പി.-പണി പൂർത്തീ കരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്ട് നം.88/16.

മേൽ പദ്ധതി പ്രകാരം അഡ്വാൻസ് ആയി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഡിഡി നം.തി. | തുക |
|---|---|---|
| മനോഹരൻ കൈപ്പോത്ത് s/o രാമൻ പി.ഒ.വെമ്പല്ലൂർ | 711492/14.03.16 | 10000/- |
| മനോഹരൻ കൈപ്പോത്ത് പി.ഒ.ശാന്തിപുരം | 709306/02.01.16 | 10000/- |

എന്നാൽ നാളിതു വരെ പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചെലവ് തുക 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

## -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സൈക്കിൾ വിതരണം നടത്തി

നിർവ്വഹണോദ്യോഗസ്ഥൻ - എച്ച്.എം.ജിഎൽ.പി.എസ്.പി.വെമ്പല്ലൂർ..

പ്രോജക്റ്റ് നം.141/16

ബിൽ നം. തി. 05/21.0316- തുക 225336/-

എസ്.സി കുട്ടികൾക്ക് സൈക്കിൾ പദ്ധതി പ്രകാരംആൺകുട്ടികൾക്ക് 31 സൈക്കിളുകളും പെൺകുട്ടികൾക്ക് 32 സൈക്കിളുകളും വിതരണം നടത്തിയിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1.സുമിഷ.വി.എസ്, വേലപറമ്പിൽ, ശാന്തിപുരം.

2.വിനിഷ.ടി.എസ്., തോട്ടുപുറത്ത്, പത്താഴക്കാട്.

3.അതുൽ സുരേഷ്, പടിയത്ത്, ശാന്തിപുരം.

4.അനന്തു.സി.എം., ചിറ്റാപുറത്ത്, പനങ്ങാട്.

5.അരുൺ കുട്ടൻ.ടി.കെ, ഇറ്റിക്കാട്ട്, വെമ്പല്ലൂർ.

6.ഷൈൻ.കെ.ഒ., കൈപ്പോത്ത്, വെമ്പല്ലൂർ.

7.ഷാനുമോൻ കെ.എസ്, കാതിക്കോടത്ത്, പി.വെമ്പല്ലൂർ.

8. നവനീത് കൃഷ്ണ.സി.വി, ചെന്നറ, പി.വെമ്പല്ലൂർ
ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് സൈക്കിൾ വിതരണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-17 പത്താം തരം തുല്യത പരീക്ഷ- .പരീക്ഷയെഴുതിയതിന്റെ വിവരം ലഭ്യമല്ല-

നിർവ്വഹണോദ്യോഗസ്ഥൻ എച്ച്.എം. .ജിഎൽ.പി.എസ്.പി.വെമ്പല്ലൂർ.

പ്രോജക്റ്റ് നം.138/16
ബിൽ നം. 11/30.03.16 – ₹ 6000

മേൽ പദ്ധതി പ്രകാരം 4 വിദ്യാർത്ഥികളുടെ ഫീസിനത്തിൽ 1500 രൂപ വീതം 6000/- രൂപ കേരള സ്റ്റേറ്റ് സാക്ഷരത മിഷന് ഡി.ഡി. നം. 352947/04.04.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ പരീക്ഷ എഴുതിയതിന്റേയോ, പാസ്സായതിന്റെയോ വിവരങ്ങൾ, കൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. പരീക്ഷ പൂർത്തീകരിക്കുന്ന മുറക്ക് ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവഴിച്ച 6000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 എസ്.എസ്.എ പദ്ധതി -അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം.ജിഎൽ.പി.എസ്.പി.വെമ്പല്ലൂർ.

എസ്.എസ്.എ പദ്ധതി പ്രകാരം 721121/-രൂപ താഴെ പറയും പ്രകാരം എസ്.എസ്.എ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്,നം. | ബിൽ നം. തി | തുക |
|---|---|---|
| എസ്.എസ്.എ (ജനറൽ),98/16. | 3/31.12.15<br>ഡിഡി നം.<br>709181/1.1.16 | 400000/- |
| എസ്.എസ്.എ (എസ്.സി)165/16 | 4/31.12.15<br>ഡിഡിനം.<br>709182/1.1.16 | 321121/- |
| ആകെ | | 721121/- |

പ്രോജക്റ്റ് ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം 2015-16 വർഷം ഗ്രാമപഞ്ചായത്തിന് വേണ്ടി സെൻട്രൽ ഷെയറടക്കം ആകെ 1538484/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ ചെലവഴിച്ച തുകയുടെ 35% മാത്രമാണ് പഞ്ചായത്ത് വിഹിതം നൽകേണ്ടത്. ആയത് പ്രകാരം പഞ്ചായത്ത് വിഹിതമിനത്തിൽ 182652/-(721121-538469(1538484*35%)) രൂപ അധികം നൽകിയിട്ടുണ്ട്. ടി തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 വനിതകൾക്ക്കര നെൽകൃഷി കൂലിച്ചെലവ് ഇനത്തിൽ അധിക തുക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പ്രോജക്റ്റ് നം. -(SO-158/16)

അടങ്കൽ -67000

ചെലവ് -45000

ട്രഷറി ബിൽനം,തുക -1/17-2-16 ,45000

ചെക്ക്നം -710573/19-2-16

നെൽകൃഷി -കൂലിച്ചെലവ് ഇനത്തിൽ അധിക തുക നൽകി

സബ്സിഡി മാർഗരേഖ, ജി.ഒ.(എം.എസ്.)362/2013 ത.സ്വ .ഭ.വ.തീയതി.16-11-2013 പ്രകാരം ഒരു ഹെക്ടർ നെൽകൃഷിക്ക് കൂലി ചെലവ് ഇനത്തിൽ 6000രൂപ നൽകാവുന്നതാണ്. നെൽകൃഷിചെയ്ത പ്രദേശത്തിന് ആനുപാതികമായി തുക നൽകാവുന്നതുമാണ്. എന്നാൽ കൃഷിഭൂമിയുടെ വിസ്തൃതി കണക്കാക്കാതെ കൂലിച്ചെലവ് ഇനത്തിൽ തുക നൽകിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (സെന്റിൽ) | അനുവദി ക്കാവുന്ന സബ്സിഡി | അനുവ ദിച്ചത് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സതിരത്നം,മഠത്തിങ്കൽ , പടിഞ്ഞാറെ വെമ്പല്ലൂർ | 50 | 1200 | 2250 | 1050 | ഒരുസെന്റിന് 24രൂപയാണ് അനുവദി ക്കാവുന്നത് |
| 2 | പ്രീതി പനങ്ങാട്ട് ,പത്തിഴക്കാട് | 60 | 1440 | 2700 | 1260 | |
| 2 | നളിനി രാധാകൃഷ്ണൻ, മേമനപടിഞ്ഞാറെ വെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| 4 | കോമളവല്ലി ,പൂത്തോട്ട്,പനങ്ങാട് | 30 | 720 | 1350 | 630 | |
| 5 | അമ്മിണി, മേമനപടിഞ്ഞാറെ വെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| 6 | ഗിരിജ ശിവശങ്കരൻ പടിഞ്ഞാറെ വെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| 7 | അയ്യമ്മ ,തോട്ടുപുറത്ത്, ശാന്തിപുരം | 40 | 960 | 1800 | 890 | |
| 8 | സന്തോഹി,കൊല്ലേഴത്ത് പടിഞ്ഞാറെ വെമ്പല്ലൂർ | 100 | 2400 | 4500 | 2100 | |
| 9 | സരള സുഭാഷ്, പാലക്കപ്പറമ്പിൽ,വെമ്പല്ലൂർ | 50 | 1200 | 2250 | 1050 | |
| 10 | സദാനന്ദൻ , കൊറ്റേക്കാട്ട്,വെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| 11 | കല്പകവല്ലി, കൊറ്റേക്കാട്ട്,വെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| 12 | ലെനശ്രീനിവാസൻ. കുളങ്ങര.പടിഞ്ഞാറെവെമ്പല്ലൂർ | 100 | 2400 | 4500 | 2100 | |
| 13 | രോഷ്നി,വെള്ളക്കാട്ടുപടിക്കൽ, പടിഞ്ഞാറെവെമ്പല്ലൂർ | 200 | 4800 | 9000 | 4200 | |
| 14 | സുഭാഷിണി .വനപറമ്പിൽ, പടിഞ്ഞാറെവെമ്പല്ലൂർ | 50 | 1200 | 2250 | 1050 | |
| 15 | ലളിത വേലായുധൻ,ഇത്തിക്കാട്ട്, പടിഞ്ഞാറെവെമ്പല്ലൂർ | 100 | 2400 | 4500 | 2100 | |
| 16 | സഫിയ,തേപറമ്പിൽ, പടിഞ്ഞാറെവെമ്പല്ലൂർ | 40 | 960 | 1800 | 840 | |
| 17 | ഹിമ ലബിൻ,തേവാളിൽ, പടിഞ്ഞാറെവെമ്പല്ലൂർ | 30 | 720 | 1350 | 630 | |
| | ആകെ അധികംനൽകിയത് | | | | 21000 | |

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ

1.ഗുണഭോക്തൃ ലിസ്റ്റ്,അപേക്ഷകൾ,കരം അടച്ചരശീതികൾ എന്നിവ ഹാജരാക്കിയിട്ടില്ല.

2.വനിത കൺവീനർ ,സന്ദേഹിഎന്ന ആൾ തുക കൈപ്പറ്റിയതായിക്കാണുന്നു. ഗുണഭോക്താക്കൾക്ക്തുക വിതരണം ചെയ്ത സ്റ്റേറ്റുമെന്റും ഇവർ തന്നെ ഹാജരാക്കിയിരിക്കുന്നു.കൃഷി ഓഫീസർ ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കല്ല നൽകിയിരിക്കുന്നത്.

3.വിള ഇൻഷുറൻസ് തുക കർഷകർ മുൻകൂറായി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അധികം നൽകിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 പൊട്ടുവെള്ളരികൃഷി-തുക അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പദ്ധതി -(SO-146/16)

അടങ്കൽ -50000

ചെലവ് -50000

ട്രഷറി ബിൽനം,തുക -5/17-2-16 ,50000

ഡി.ഡി നം. -710572/19-2-16

ധനകാര്യവിശകലനം

വികസന ഫണ്ട് -18000(കൃഷിക്ക് ജൈവവളം)

വികസന ഫണ്ട്-32000(കൃഷിക്ക്കൂലിച്ചെലവ്)

സബ്സിഡി മാർഗരേഖ,ജി.ഒ.(എം.എസ്.)362/2013 ത.സ്വ .ഭ.വ.തീയതി.16-11-2013 പ്രകാരം ഒരു ഹെക്ടർ

പച്ചക്കറികൃഷിക്ക് കൂലി ചെലവ് ഇനത്തിൽ 10000രൂപ നൽകാവുന്നതാണ്.കൃഷിചെയ്ത പ്രദേശത്തിന് ആനുപാതികമായി തുക നൽകാവുന്നതുമാണ്.ഏന്നാൽ

കൃഷിഭൂമിയുടെ വിസ്തൃതി കണക്കാക്കാതെ കൂലി ചെലവ് ഇനത്തിൽതുക നൽകിക്കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണ ഭോക്താവ് | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (സെന്റിൽ) | അനുവദി ക്കാവുന്ന സബ്സിഡി | അനു വദിച്ചത് | അധികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സജയഘോഷ്, വൻപറമ്പിൽ | 70 | 2800 | 5600 | 2800 | ഒരുസെന്റിന് 40രൂപയാണ് അനുവദി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്കാവുന്നത് |
| 2 | ശ്രീനിവാസൻ,കുളങ്ങര | 100 | 4000 | 8000 | 4000 | |
| 3. | ശങ്കരനാരായണൻ, പനങ്ങാട്ട് | 25 | 1000 | 2000 | 1000 | |
| 4. | വാസു,തോട്ടുപുറത്ത് | 70 | 2800 | 5600 | 2800 | |
| 5. | രാജേന്ദ്രൻ,ചെന്നാറ | 100 | 4000 | 8000 | 4000 | |
| 6. | ഉണ്ണിക്കൃഷ്ണൻ, കോമരത്ത് | 60 | 2400 | 4800 | 2400 | |
| 7. | ഉഷിത പ്രേമൻ,കോമരത്ത് | 40 | 1600 | 3200 | 1600 | |
| 8. | സുബ്രമണ്യൻ, മണത്തല | 60 | 2400 | 4800 | 2400 | |
| 9. | കുഞ്ഞിക്കണ്ണൻ, കൊല്ലേഴത്ത് | 60 | 2400 | 4800 | 2400 | |
| 10. | അബ്ദുൾറഹ്മാൻ, വെള്ളക്കാട്ടുപടി | 40 | 1600 | 3200 | 1600 | |
| ആകെ അധികം നൽകിയത് | | | | | 25000 | |

പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ

1.ശ്രീ.കുഞ്ഞിക്കണ്ണൻ,കൊല്ലേഴത്ത് (കൺവീനർ ),എന്ന ആൾതുകകൈപ്പറ്റിയതായിക്കാണുന്നു..

2.തുകഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കല്ല നൽകിയിരിക്കുന്നത്.

3.പദ്ധതിയുടെ ധനകാര്യ വിശകലന പ്രകാരം 32000രൂപയാണ് കൂലിച്ചെലവിനത്തിൽ നൽകാവുന്നത്. ശേഷിച്ച 18000രൂപ ജൈവവള വിതരണത്തിനായാണ് വിനിയോഗിക്കേണ്ടത്. ജൈവവള വിതരണംനടത്തിയിട്ടില്ല. 50000രൂപയുംകൂലിച്ചെലവിനത്തിൽ നൽകിയിരിക്കുന്നു.
അധികം നൽകിയ 25000/- രൂപ ബന്ധപ്പെട്ടവരിൽനിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറിൽനിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 സൊസൈറ്റിക്ക് ടില്ലർ നൽകിയത് -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പ്രോജക്ട് -s0-144/16

ഫണ്ട്-വികസനഫണ്ട് -180000

ബ്ളോക്ക് വിഹിതം-150000

ആകെ -330000

ബിൽനം -9/23-3-16 ,180000
ഡി.ഡി.നം. 352982/4.4.16 തുക 1,50,000/-

ശ്രീനാരായണപുരം ,ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിക്ക് രണ്ട് പവർടില്ലറുകൾഅഗ്രോ മെഷിനറി കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽചുവടെ ചേർക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. ശ്രീനാരായണപുരം ,ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി രജിസ്റ്റർ ചെയ്ത രേഖകൾ

2.പവർടില്ലറുകൾ പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത രേഖകൾ - (പഞ്ചായത്തിന്റെ പേരിൽരജിസ്റ്റർ ചെയ്തതിനു ശേഷമാവണം കൈമാറ്റം ചെയ്യേണ്ടത്)

3.പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ എഗ്രിമെന്റ് ,ലോഗ്ബുക്ക് ,വാടക അടവാക്കിയ രേഖകൾ

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.4/5.11.16). ചെലവ് തുക 3,30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 അഡ്വാൻസ് നൽകിയത് -തിരികെ ഈടാക്കിയിട്ടില്ല.

ജി.ഒ.(പി) 356/15 /fin dt. 12.08.15 പ്രകാരം ഓണത്തിനോടനുബന്ധിച്ച് മുൻകൂർ ശമ്പളം നൽകിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീ.പ്രേംലാൽ, സീനിയർ ക്ലർക്ക് എന്നയാൾക്ക് മുൻകൂറായി ആഗസ്റ്റ് ,2015 ലെ ശമ്പളം 29077/- രൂപ (ചെക്ക് നം. 2982861/21.08.15)നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ 25.8.15 FNൽ ഈ പഞ്ചായത്തിൽ നിന്നും സ്ഥലം മാറി പോയിട്ടുണ്ട്. 25.08.15 മുതൽ 31.08.15 വരെയുള്ള ശമ്പളം തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/10.11.16) നൽകിയതിന് തുക ഈടാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 ഗ്രാമ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ- നെയിംബോർഡുകൾ സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുന്നത്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് - SO 100/15 (2014-15)SO -11/16(2015-16)

ചെലവ് - 72540( 2014-15)47085(2015-16)

ഫണ്ട് - വികസന ഫണ്ട്, 72540 തനത് - 47085

ഗ്രാമ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതിക്കായിനെയിം ബോർഡുകൾ സ്ഥാപിക്കാനായിതനത് ഫണ്ടിൽ നിന്നും 25200 രൂപ നൽകിയിട്ടുണ്ട് (ചെക്ക് നം -902482/30-3-16). എന്നാൽ നെയിം ബോർഡുകൾ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫീസിനു മുൻവശത്തായി കൂട്ടിയിട്ടിരിക്കുന്നതായിക്കാണുന്നു. ഗ്രാമ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതിക്കായിതന്നെ മുൻവർഷം 72540 രൂപയും(ഡി.ഡി. നം. 989951/10-4-15) തൻ വർഷം 21885 രൂപയും (ചെക്ക്നം 4003110/18-3-16) ചേർത്ത് 21ഗ്രാ മ കേന്ദ്രങ്ങളിലേക്കും 21 സ്റ്റീൽമേശ, 105 കസേരകൾ എന്നിവ കേരള ആർട്ടിസാൻസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട് .എന്നാൽഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ ഇവ സംസ്കാരിക കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-24 തൊഴിലുറപ്പ് പദ്ധതി -മസ്റ്റർറോൾ ലഭിക്കാത്തതിനാൽ തൊഴിൽ നഷ്ടം

10/7/15 ലെ 17(2) നം. തീരുമാനത്തിൽ 10/7/15 ന് തൊഴിൽ ലഭിക്കുന്നതിനായി 7/7/15 ന് ഓൺലൈനായി അപേക്ഷ നൽകുകയും 9/7/15 ന് ബ്ലോക്കിൽ പോയപ്പോൾ മസ്റ്റർറോൾ ലഭിക്കാത്തതിനാൽ 1,15,18,20 നം. വാർഡുകളിലായി യഥാക്രമം72,46,51,40 എന്നിങ്ങനെ മൊത്തം 215 തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഗൗരവമായി കണ്ട് ബി.ഡി.ഒ വിന് കത്തെഴുതുവാനും നിശ്ചയിച്ചിരുന്നു. എന്നാൽ ഇതിന്റെ പുരോഗതിവിവരങ്ങളൊന്നും തന്നെ തുടർന്നുള്ള മിനിറ്റ്സുകളിൽ ലഭ്യമല്ല. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതും ബി.ഡി.ഒ വിൽ നിന്നും ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഏതെല്ലാം പ്രവൃത്തികളുടെ തൊഴിൽദിനങ്ങളാണ് ഇപ്രകാരം നഷ്ടപ്പെട്ടതെന്നും തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലില്ലായ്മ വേതനം നല്കേണ്ടിവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ കൂടിയും പരിശോധനയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-25 തൊഴിലുറപ്പ് പദ്ധതി

തൻവർഷം വരവുവന്ന (പലിശയടക്കം) 20312000/- രൂപയിൽ 20312000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 1792പദ്ധതികൾ ആവിഷ്കരിച്ചതിൽ 430പദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. രജിസ്റ്റർ ചെയ്ത 1895കുടുംബങ്ങൾക്ക് തൊഴിൽകാർഡ് നൽകിയതിൽ 2010 കുടുംബങ്ങളാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത്. നാലു ശതമാനം കുടുംബങ്ങൾക്ക് (84) മാത്രമേ 100 ദിവസത്തെ തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. ആസ്തി സൃഷ്ടിച്ച ഒരു പ്രവൃത്തിയാണ് തൻവർഷം ഏറ്റെടുത്ത് നടത്തിയിട്ടുള്ളത്. രജിസ്റ്റർ ചെയ്യുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസത്തെ തൊഴിൽ നൽകാനും ആസ്തികൾ സൃഷ്ടിക്കുവാനുതകുന്ന പരമാവധി പ്രവൃത്തികൾ
ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

## 3-26 ആശ്രയ പദ്ധതി വിലയിരുത്തൽ

ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി ആകെ 4 പേർ മാത്രമാണുള്ളത്. ഇതിൽ രണ്ടു ഗുണഭോക്താക്കൾക്ക് സ്ഥലവും രണ്ടു ഗുണഭോക്താക്കൾക്ക് വീടും ആവശ്യമുണ്ടെങ്കിലും ഒരു വീട് മാത്രമാണ് തൻവർഷം നൽകിയിട്ടുള്ളത്. ആശ്രയ ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,50,000 | കാർഷിക യന്ത്രവത്ക്കരണം | 1,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,87,050 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1,87,050 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,87,050, | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 1,87,050 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെവിവരം

തൻ വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡോപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ഡിഡി നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോരിറ്റി | പട്ടികജാതി കോളനികളിൽ കുടിവെള്ളം | 249594/25.07.15 | 94000 | 94000 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 708055/20.10.15 | 819940 | 819940 | 0 |
| | | 708056/20.10.15 | 179550 | 179550 | 0 |
| | രാമനേഴത്ത് ടെമ്പിൾ റോഡ് ലൈൻ ഉയർത്തൽ | 711234/01.03.16 | 202000/- | 202000/- | 0 |

| | | | | | |
|---|---|---|---|---|---|
| | വിവിധ റോഡുകളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2982877/17.09.15 | 47500 | 47500 | 0 |
| | | 902081/15.12.15 | 56700 | 56700 | 0 |
| | | 902346/14.03.16 | 5215 | 5215 | 0 |
| | | 902400/23.03.16 | 27300 | 27300 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | 31221/ഡിബി1 /ത.സ്വ.ഭ.വ. തി. 10.06.14 | 12600000 | 7637406 | 3122000 | 10759406 | 1260000 | 924783 | 9499406 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12275747 |
| തൻവർഷം നിക്ഷേപിച്ച തുക | 718414 |
| ആകെ | 12994161 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12994161 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| 4094 | 1107963 |
| 28682 | 2401327 |
| 13584 | 1171562 |
| 14054 | 1115881 |
| 786 | 1117248 |
| 4263 | 1093331 |
| 21963 | 1120606 |
| 145854 | 1120606 |
| 14259 | 1097722 |
| 65160 to 65174 | 1647915 |
| ആകെ | 12994161 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 34854/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 2.1 (എ) | 10000 | അസിസ്റ്റന്റ് മാനേജർ കേരള സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് ചാവക്കാട് ഡിപ്പോ | 11520101172 /29.06.15 |
| 2011-12 | 2.2 (3) | 2500 | ,, | 11520101172 /29.06.15 |
| 2012-13 | 2.3 (1) | 2500+ 8500 (പലിശ) | ,, | 11520101172 /29.06.15 |
| 2012-13 | 2.3(2) | 2500+ 2825 (പലിശ) | ഐ.ബി.പി.ഓട്ടോ സർവ്വീസ് പൊരിബസാർ | 11520102471 /30.09.15 |
| 2007-08 മുതൽ 2010-11 വരെ | ഓ.എ.42 | 2472 | എം,ബി.മുഹമ്മദ് | 11520105133 /27.02.16 |

| | | | | |
|---|---|---|---|---|
| 2007-08 മുതൽ 2010-11 വരെ | 3.4 | 874 | നന്ദകുമാർ പോഴേലിൽ | 11520105240 /01.03.16 |
| 2007-08 മുതൽ 2010-11 വരെ | 3.6 | 2683 | വി.കെ.ദിവാകരൻ | 11520105264 /02.03.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 മുതൽ 2001-02 | 11 | 2003-04 ഖണ്ഡിക 3.8.9 | ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശം പാലിച്ചില്ല. | | 12.08.15 ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണനക്ക് സമർപ്പിച്ചിട്ടുണ്. |
| 2000-01 | 3.5 | 2009-10 ഖണ്ഡിക2.8 | നിക്ഷേപ വേലകൾ പൂർത്തീക രിക്കാത്തത് | | തടസ്സം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. |
| 2007-08 2010-11 | 3-12(എ), ബി, 3-14, 3-21, 3-34 | 3-12(എ), (ബി),3-14, 3-21,3-34 | - | - | ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 17.09.14 ലെ എൽ.എഫ്.ടി.(പി3)430/14 കത്ത് പ്രകാരം പ്രസ്തുത ഖണ്ഡികകൾ സമാഹൃതത്തിലേക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | | ശുപാർശ ചെയ്യതായി അറിയിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51968109 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75391287 |
| വരവിനങ്ങളിലുള്ള നഷ്ടം | 3150/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52600/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1663541 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 150 | | സാബു.പി.വി.,സെക്രട്ടറി |
| 2-5 | 3000 | | സാബു.പി.വി.,സെക്രട്ടറി |
| 3-9 | | 6600 | ഹേമലത.പി.എൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-19 | | 21000 | തങ്കരാജ്.എൻ.കെ. കൃഷിഓഫീസർ |
| 3-20 | | 25000 | തങ്കരാജ്.എൻ.കെ. കൃഷിഓഫീസർ |
| ആകെ | 3150 | 52600 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 5,99,691 | ശ്രീമതി അംബിക വി.സി, അസി. എഞ്ചിനീയർ |
| 3-6 | 1,50,000 | ഡോ.ശ്രീജിത്ത്, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-7 | 94000 | ശ്രീ.സാബു.പി.വി.,സെക്രട്ടറി |
| 3-8 | 100000/- | ശ്രീമതി.ഹേമലത.എൻ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-10 | 10,350/- | അൻസിൽ.പി.എം. ഫിഷറീസ് സബ് ഇൻസ്പെക്ടർ. |
| 3-11 | 1,56,000/- | അൻസിൽ.പി.എം. ഫിഷറീസ് സബ് ഇൻസ്പെക്ടർ. |
| 3-12 | 100000/- | അൻസിൽ.പി.എം. ഫിഷറീസ് സബ് ഇൻസ്പെക്ടർ. |
| 3-13 | 65,000 | ശ്രീമതി ലിപ്സി, അസി.സെക്രട്ടറി |
| 3-14 | 32,500 | ശ്രീമതി ലിപ്സി, അസി.സെക്രട്ടറി |
| 3-15 | 20,000 | ശ്രീമതി ലിപ്സി, അസി.സെക്രട്ടറി |
| 3-17 | 6000 | ശ്രീമതി.കെ.ജെ.ഓമന എച്ച്.എം.ജി.എൽ.പി.എസ്. പി.വെമ്പല്ലൂർ |
| 3-21 | 3,30,000 | ശ്രീ.എൻ.തങ്കരാജ്, കൃഷി ഓഫീസർ |
| ആകെ | 16,63,541 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| പി.വി.സാബു., സെക്രട്ടറി | ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് | പുലിക്കോട്ടിൽ പി.ഒ.ചിറ്റിലപ്പിള്ളി |
| തങ്കരാജ്.എൻ.കെ, കൃഷിഓഫീസർ | ” | നെട്ടാർശ്ശേരി പി.ഒ.ആനാപ്പുഴ. |
| ഹേമലത പി.എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ” | പുളിപറമ്പിൽ ഹൗസ്, വടക്കുംമുറി പി.ഒ, പെരിഞ്ഞോട്ടുകര |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-9.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1978-79 | എൽഎഫ് ടി (എസ്2)-1366/12/20.10.11/01.02.12 | |
| 1979-80 | | |
| 1980-81 | | |
| 1981-82 | | |
| 1982-83 | | |
| 1983-84 | | |
| 1985-86 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1995-96&1996-97 | എൽഎഫ് ടി-11-372/98 /7.12.98 | |
| 1997-98 | എൽഎഫ് ടി19-1587/99 /9.6.2000/5.9.2000 | |
| 1998-99 | എൽഎഫ് ടി -12-502/94 /16.04.04 | |
| 99-00&01-02(പ്ളാൻ) | എൽഎഫ് ടി -12-1105/03 /3.10.03 | |

| | | |
|---|---|---|
| 99-00 | എൽഎഫ് ടി -12-2060/04 /5.4.05 | |
| 00-01 | എൽഎഫ് ടി -12-226/08 /20.7.09 | |
| 01-02 | എൽഎഫ് ടി 12-227/08 /20.07.09 | |
| 02-03 | എൽഎഫ് ടി 12-228/08 /20.07.09 | |
| 03-04 | എൽഎഫ് ടി 12-229/08 /20.07.09 | |
| 04-05 | എൽഎഫ് ടി 12-61/05 /21.12.09 | |
| 05-06 | എൽഎഫ് ടി 12-580/10 /27.1.2011 | |
| 06-07 | എൽഎഫ് ടി 12-581/10 /27.01.11/7.6.2011 | |
| 07-08മുതൽ2010-11വരെ | എൽഎഫ് ടി (പി3) 1633/12/15.12.12/13.3.13 | |
| 2011-12 | എൽഎഫ് ടി (പി3) 1938/13/6.2.14/8.4.14 | |
| 12-13 | എൽഎഫ് ടി (പി3) 1034/2014/10.10.14/5.1.15 | |
| 13-14,14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി3)367/16 /23.03.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാരായാലയം
തൃശ്ശൂർ

# അനുബന്ധം -1

# AUDIT CERTIFICATE

No.KSA.TSR(P3)107/2017

Kerala State Audit Department

District Audit Office,
Thrissur- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 28.01.2017

Certified that I have audited the Annaual Fianacial Statement of Sreenarayanapuram Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Sreenarayanapuram Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)107/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ -680020
ഫോൺ 0487 2331249
email: dotsr.ksad@keralagov.in
തീയതി: 25.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.